ജന്മഭൂമി

23 August 2017

# കർഷക വരുമാനം ഇരട്ടിപ്പിക്കാൻ പദ്ധതി

**കൊച്ചി:** കർഷകരുടെ വരുമാനം ഇരട്ടിപ്പിക്കുന്നതിനുള്ള ജില്ലാതല വികസന പദ്ധതികൾ നാളെ പ്രഖ്യാപിക്കും. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലാണ് (സിഎംഎഫ്ആർഐ) പ്രഖ്യാപനം. 2022 ഓടു കൂടി എല്ലാതരം കർഷകരുടെയും വരുമാനം ഇരട്ടിയാക്കുന്നതിനുള്ള ഏഴിന കർമ്മ പദ്ധതികളാണ് പ്രഖ്യാപിക്കുക. അടിസ്ഥാന സൗകര്യവികസനം, ജൈവകൃഷി, ഗുണനിലവാരമുള്ള വിത്തുകൾ, വിപണനം, മൂല്യവർധിത ഉൽപാദനം, ഭക്ഷ്യസംസ്കരണം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ടതാണ് സമഗ്ര കാർഷിക പദ്ധതികൾ. കേന്ദ്ര സർക്കാർ ആവിഷ്കരിച്ച നവഭാരത പ്രസ്ഥാനം 2017-22 പദ്ധതിയുടെ ജില്ലാതല പരിപാടിയാണിത്. സിഎംഎഫ്ആർഐയുടെ കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം കൃഷി വിജ്ഞാന കേന്ദ്രമാണ് പരിപാടി സംഘടിപ്പിക്കുന്നത്. 'സ്വന്തം കൃഷി: സുരക്ഷിത ഭക്ഷ്യോൽപാദനം' എന്ന വിഷയത്തിൽ നടക്കുന്ന കർഷക-ശാസ്ത്രജ്ഞ മുഖാമുഖമുണ്ടാകും. ജൈവപച്ചക്കറി കൃഷി, മുട്ടയുൽപാദനം, മൃഗസംരക്ഷണം, ഇറച്ചി ഉൽപാദനം, മത്സ്യകൃഷി, മണ്ണ് പരിപാലനം, ജൈവവളങ്ങളുടെയും മൂല്യവർധിത വസ്തുക്കളുടെയും ഉൽപാദനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് കർഷകരുടെ സംശയങ്ങൾക്ക് സിഎംഎഫ്ആർഐ, കേരള കാർഷിക സർവകലാശാല, എറണാകുളം കൃഷിവിജ്ഞാന കേന്ദ്രം എന്നിവിടങ്ങളിലെ വിദഗ്ധർ മറുപടി പറയും. കൂടാതെ, പരിപാടിയിൽ പങ്കെടുക്കുന്ന കർഷകർക്ക് വിവിധയിനം വിത്തുകളുടെ സൗജന്യ കിറ്റ് വിതരണം ചെയ്യും. നവഭാരത പ്രതിജ്ഞക്ക് പ്രൊഫ. കെ വി തോമസ് എം പി നേതൃത്വം നൽകും. വികസന പദ്ധതികളുടെ പ്രഖ്യാപനവും വിശദീകരണവും ഡൽഹി ആസ്ഥാനമായ ദേശീയ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ. പ്രവീൺ പുത്ര നിർവഹിക്കും. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷത വഹിക്കും. വിവരങ്ങൾക്ക്: 8281757450.